# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4678 | 22.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ഇ വേ ബിൽ പരിശോധിക്കാനുള്ള സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ ഇ-വേ ബിൽ സംവിധാനത്തിൽ നിന്ന് നിലവിൽ ഒഴിവാക്കപ്പെട്ടിരിക്കുന്ന ചരക്കുനീക്കങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹനനമ്പർ കൂടാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്രവിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ഒരു ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50,000/- രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000/- രൂപയ്ക്കു മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന് അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്കുനീക്കത്തിന് ഒരേ നിയമം തന്നെയാണ്. |
| (ബി) | സംസ്ഥാനത്തിനു പുറത്തേക്കുള്ള ചരക്കുനീക്കങ്ങൾക്ക് ഏതിനെങ്കിലും ഇ-വേ ബിൽ സംവിധാനം ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | സംസ്ഥാനത്ത് ഇ-വേ ബിൽ പരിശോധിക്കാനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ? | (സി) | ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ചരക്കുവാഹനങ്ങളിലെ ഇ-വേ ബില്ലുകൾ പരിശോധിക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനങ്ങൾ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനുണ്ട്. ഇ-വേ |

| | | | |
|---|---|---|---|
| | | | ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കുവാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുവേണ്ടി ചെക്കുപോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി നെറ്റ് വർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്രസർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയംപ്രവർത്തനക്ഷമമായി മാറുകയും ചെയ്യും. |

(signature)

**സെക്ഷൻ ഓഫീസർ**